ഫാം ഡി കോഴ്സുകൾ

109 (3542) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫാം ഡി കോഴ്സുകൾ ഏത് വർഷം മുതലാണ് ആരംഭിച്ചത് ; എങ്കിൽ ഏതൊക്കെ മേഖലയിൽ എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളാണ് ഇത്തരം കോഴ്സുകൾ നടത്തിവരുന്നത് ; വിശദമാക്കുമോ ;

(സി) എത്ര വിദ്യാർത്ഥികൾക്കാണ് വർഷം തോറും ഈ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നത് ;

(ഡി) ഏതെങ്കിലും ഗവൺമെന്റ് സ്ഥാപനങ്ങൾ ഈ കോഴ്സ് നടത്തുന്നുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഇത്തരം കോഴ്സുകൾ ഉടൻ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) 2010 മുതൽ സ്വകാര്യ മേഖലയിൽ ഫാം ഡി കോഴ്സുകൾക്ക് പ്രവേശനം നൽകി വരുന്നു.

(ബി) 2014-ൽ രണ്ട് സ്ഥാപനങ്ങളാണ് സർക്കാരുമായി സീറ്റ് ഷെയറിംഗ് ചെയ്ത് പ്രവേശനം നടത്തിയത്.

1. ശ്രീകൃഷ്ണ കോളേജ് ഓഫ് ഫാർമസി, പാറശ്ശാല, തിരുവനന്തപുരം
2. എ.എം.എസ്., പരിയാരം, കണ്ണൂർ

(സി) ഓരോ സ്ഥാപനത്തിലും 30 സീറ്റ് വീതം.

(ഡി) ഫാം ഡി കോഴ്സ് നടത്തുന്നതിനുള്ള സംവിധാനം ചെയ്തിട്ടില്ലാത്തതിനാൽ സർക്കാർ മേഖലയിൽ ഈ കോഴ്സ് നടത്തുന്നില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly